പെരുമാളും പ്രവാചകനും
പി.കെ മുഹമ്മദ് കുഞ്ഞി

# പെരുമാളും പ്രവാചകനും

**പി.കെ മുഹമ്മദ് കുഞ്ഞി**

**ഇസ്‌ലാംമത** പ്രവാചകന്നും അനുയായികൾക്കും ഇന്ത്യയും ഇന്ത്യക്കാരും സുപരിചിതമായിരുന്നു എന്നതിന് തെളിവുകളുണ്ട്. ഇന്ത്യൻ കച്ചവടക്കാർ അറേബിയയിലെ ദാബയിലും ഉക്കാളിലും നടക്കാറുള്ള വാർഷികമേളകളിലും ചന്തകളിലും പങ്കെടുക്കാറുണ്ടായിരുന്നു. ദാബയിൽ താൻ പോയിട്ടുണ്ടെന്നു പ്രവാചകൻ പറഞ്ഞതായി ഇബ്നുഹംബൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ കണ്ടവരുടെ മുഖഛായ ഓർത്താവണം ബൽഹാരിസ് ഗോത്രക്കാരെ കണ്ടപ്പോൾ 'ഇന്ത്യക്കാരെപ്പോലെ തോന്നുന്ന ഇവരാരാണെ'ന്ന് പ്രവാചകൻ അന്വേഷിച്ചത്. യമൻകാരനായ അബൂഹുറയ്റ പ്രവാചകൻ 'നമുക്ക് ഇന്ത്യയിലേക്കുള്ള ഒരു യാത്ര വാഗ്ദാനം ചെയ്തിരുന്നു' എന്നു പറയാറുള്ളതായി ഇബ്നുഹംബൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'അതിൽ ഞാൻ നശിച്ചാൽ ഉത്തമനായ ഒരു രക്തസാക്ഷിയാവും. സുരക്ഷിതനായി തിരിച്ചുവന്നാലോ സ്വതന്ത്രനായ അബൂഹുറയ്റയായി വിരാജിക്കും.'[1]

വിശുദ്ധ ഖുർആനിലെ ദുൽകിഫിലി(കിഫിലയിൽനിന്നുള്ള ഒരാൾ)യിലെ പ്രവാചകനെ പറ്റിയുള്ള പരാമർശം കപിലവസ്തുവെപ്പറ്റിയാണെന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്.[2] കപിലവസ്തു ഗൗതമ ബുദ്ധന്റെ ജന്മദേശമാണല്ലോ. കപില അറബീകരിച്ചതാണ് 'കിഫിലി'യെന്നാണ് അവരുടെ നിഗമനം. മറ്റൊരു വ്യാഖ്യാനം 'കിഫിലി'യുടെ അർഥം 'സംവർദ്ധന' മാണെന്നതിനെ ആധാരപ്പെടുത്തിയാണ്. ഗൗതമന്റെ പിതാവ് ശുദ്ധോദനനെയാണത് സൂചിപ്പിക്കുന്നതെന്നു പറയപ്പെടുന്നു.

വിശുദ്ധ ഖുർആൻ സൂറഃ 95–ൽ "അത്തിമരത്തിനരികിലും ഒലിവുമരത്തിനരികിലും സീനായ് മലയിലും ഈ അനുഗൃഹീത പട്ടണത്തിലു'മെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഒലിവ് മരം ക്രിസ്തുവുമായും (ഈസാനബി), സീനായ് മല മോശയുമായും (മൂസാ നബി) ബന്ധപ്പെട്ടതാണ്. അനുഗൃഹീത പട്ടണം മക്ക തന്നെ. കാടൻ അത്തിമരമാണ് ബോധിവൃക്ഷം. ഗൗതമന് ജ്ഞാനോദയമുണ്ടായത് ബോധിവൃക്ഷത്തണലിൽ വെച്ചാണെന്നാണല്ലോ പറയപ്പെടുന്നത്. ആ നിലയിൽ അത്തിമരമെന്ന പരാമർശം ബുദ്ധനെ സംബന്ധിച്ചാണെന്നനുമാനിക്കേണ്ടിയിരിക്കുന്നു."

തന്റെ സുവിശേഷം പൂർത്തിയാക്കാൻ മൈത്രേയ (Variant Mettiya) അവതരിക്കുമെന്ന ബുദ്ധവചനവും ശ്രദ്ധേയമാണ്. 'എല്ലാവരോടും ദയ' എന്നാണ് മൈത്രേയയുടെ പൊരുൾ. 'അങ്ങു പോയി കഴിഞ്ഞാൽ?' ആനന്ദൻ അന്വേഷിച്ചു. ഞാൻ ആദ്യത്തേതോ അവസാനത്തേതോ അല്ല. 'പരിശുദ്ധനും വിജ്ഞനുമായ ബുദ്ധൻ'[3] വരുമെന്ന (ഗോസ്പൽ ഓഫ് ബുദ്ധ) ബുദ്ധവചനം സൂചിപ്പിക്കുന്നത് മുഹമ്മദ് നബിയുടെ ജനനത്തെ പറ്റിയാണെന്ന് പറയപ്പെടുന്നു. കേരളത്തിൽ ക്രൈസ്തവരെയും ഇസ്‌ലാംമതക്കാരെയും 'ബൗദ്ധന്മാർ' എന്നാണല്ലോ വിളിച്ചുവന്നത്. അവരുടെ ആരാധനാലയങ്ങളാവട്ടെ ബൗദ്ധവിഹാരങ്ങളെ വിളിച്ചിരുന്ന 'പള്ളി' എന്ന പേരുകൊണ്ടാണ് വിശേഷിപ്പിച്ചിരുന്നതും. ബൗദ്ധ ദേവാലയങ്ങൾക്ക് വിട്ടുകൊടുത്ത സ്ഥാവരവസ്തുക്കളെ തിരിച്ചറിയാൻ അവയെ 'പള്ളിച്ചന്ത'മെന്നും 'പള്ളിപ്പുറ'മെന്നും

പഴയ ശാസനങ്ങളിൽ നാമകരണം ചെയ്തു കാണുന്നു. 'എഴുത്തുപള്ളിക്കൂടം', 'പള്ളിക്കൂടം' എന്നീ പേരുകൾ കേരളത്തിൽ അധ്യായനശാലകൾക്കുണ്ട്. ഇത്രയധികം പേരുകളിൽ പള്ളി ശബ്ദം കാണുന്നത് യാദൃഛികമാകാനിടയില്ല.[4] ഇസ്‌ലാം മതവും ബുദ്ധമതവും തമ്മിലുള്ള ബന്ധത്തിന്റെ അടിവേരിനെപ്പറ്റി വേദേതിഹാസപടുക്കൾ ബോധവാന്മാരായിരുന്നു എന്നുതന്നെ അനുമാനിക്കണം. 'ഒരു പ്രവാചകനില്ലാത്ത ഒരു സമുദായവുമില്ല' എന്നു വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. അവരാരൊക്കെയാണെന്നു പറയാനാവില്ലെങ്കിലും ശ്രീബുദ്ധൻ അത്തരം പ്രവാചകരിൽ ഒരാളാണെന്ന് വിശ്വസിക്കാൻ പല ന്യായങ്ങളുമുണ്ടെന്ന[5] ഇസ്‌ലാംമത പണ്ഡിതന്മാരുടെ അഭിപ്രായവും ശ്രദ്ധേയമാണ്.

വിശുദ്ധ ഖുർആനിൽ (20:85–97) ജനങ്ങളെ വഴിപിഴപ്പിച്ച ഒരു 'സാമിരി'യെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ഈ സാമിരി ബൈബിളിലെ ശമര്യക്കാരനാവാൻ വഴിയില്ല. മോശ (മൂസ്സ)ക്കുശേഷമാണല്ലോ യേശുവും (ഈസ) ബൈബിളും അവതരിച്ചത്. മോശ ദൈവാനുഗ്രഹത്താൽ "വെളിച്ചവും നേതൃത്വവും നൽകി. പക്ഷേ, അവർ സാമിരി എന്നു പറയപ്പെടുന്ന ഒരാളുടെ നേതൃത്വത്തിൽ കലാപം ചെയ്തു. അവരുടെ സ്വർണാഭരണങ്ങളുരുക്കി അവനൊരു വിഗ്രഹമുണ്ടാക്കി. ജീവനോ ശക്തിയോ ഇല്ലാത്ത ആ സാധനം അവർക്കാരാധിക്കാൻ വേണ്ടിയായിരുന്നു. മോശ ആ വിഗ്രഹം നശിപ്പിച്ചു. ജനങ്ങളെ വഴിപിഴപ്പിച്ച ആ മനുഷ്യനെ ശപിച്ചു." ഈ സാമിരിയെന്ന പദത്തിന്നാധാരം ഈജിപ്ഷ്യനിൽ ഷെവർ (അപരിചിതൻ; വിദേശി) എന്നാണെന്ന് സർ ഇ.എ. വാലിസ്ബഡ്ജിന്റെ Egyptian Hieroglyphic Dictionary (1920 പേജ് 85)യിൽനിന്നു മനസ്സിലാക്കാം. ഹിബ്രുവിൽ ഷെവറിനു കാവൽക്കാരൻ എന്നാണർഥം. അറബിയിൽ 'സമിർ' രാത്രി ഉറക്കമൊഴിക്കുന്നവനുമാണ്.[6]

ഖലീഫ അലിയുടെ കാലത്ത് ബസറയിലെ ഖജനാവ് കാത്തിരുന്നത് ഇന്ത്യക്കാരനാണെന്നു പറയപ്പെടുന്നുണ്ടല്ലോ. ഈ കാവൽക്കാരെ ശത്രുക്കൾ കൊന്നു എന്നും അങ്ങനെ ഇസ്‌ലാമിനു വേണ്ടി ആദ്യം രക്തസാക്ഷികളായ ഇന്ത്യക്കാർ അവരായിരുന്നു എന്നും 'മുറൂജുദ്ദഹബിൽ'[7] 'മസ്ഊദി' രേഖപ്പെടുത്തിയിട്ടുണ്ട്. മോശ(മൂസ)യുടെ കാലത്തും ഇത്തരം 'വിദേശികളോ' 'അപരിചിതരോ 'കാവൽക്കാരോ' ഉണ്ടായിരിക്കാമല്ലോ. അത്രയുമല്ല, ഗായത്രി അഭ്യസിക്കാനും ബ്രാഹ്മണരോടൊപ്പം ഭക്ഷണം കഴിക്കാനും അർഹരാകുന്നതിനു വേണ്ടി സ്വർണ പശുവിന്റെ അകത്ത് പ്രവേശിക്കുന്ന ഒരു പതിവ് സാമൂതിരി രാജാക്കന്മാർക്കുണ്ടായിരുന്നു. 'ഹിരണ്യഗർഭം' എന്നാണീ ചടങ്ങിന് പേര്. ആ ചടങ്ങും വിഗ്രഹാരാധനയുമായി ബന്ധപ്പെടുത്തിയാവാം വിശുദ്ധ ഖുർആനിലെ വിശദീകരണം.[8] 'അയിത്ത'ത്തെ (ലാമിസാസ)പറ്റി പറയുന്നതുകൊണ്ട് സംശയം അസ്ഥാനത്തല്ലെന്നു കരുതണം.

വിശുദ്ധ ഖുർആൻ (26/196) പുരാണങ്ങളെപ്പറ്റി പരാമർശിക്കുന്നതും ശ്രദ്ധാർഹമാണ്. ഹിന്ദുക്കൾക്കാണ് ദൈവികമായി കരുതപ്പെടുന്ന പുരാണങ്ങളുള്ളത്. അതുപോലെ വേദങ്ങളും. വേദങ്ങളുടെ പിതാവ് ബ്രഹ്മാവാണല്ലോ.

"അബ്റഹാമിന്റെ ഗ്രന്ഥങ്ങളെ പറ്റിയുള്ള പരാമർശങ്ങൾ (ഖുർആനിൽ) ശ്രദ്ധിച്ചാൽ ബ്രഹ്മാവും അബ്റഹാമും തമ്മിൽ സാമ്യമുണ്ടെന്ന സംശയം ജനിക്കാം. ബൈബിളിലെ ദൈവത്തിന്റെ യുദ്ധപുരാണങ്ങൾ മഹാഭാരതവും ഭഗവത്ഗീതയുമാണോ എന്ന ചോദ്യം ഉന്നയിക്കപ്പെടാനും ഇടയുണ്ട്."[9]

അബ്റഹാമിന്റെയും ശ്രീരാമന്റെയും ജീവിതങ്ങൾ തമ്മിലും പൊരുത്തം കാണാം. അബ്രഹാമിനെ പിതാവ് നാടുകടത്തിയതാണ്. ശ്രീരാമൻ പിതാവിന്റെ ശപഥം പാലിക്കാനാണല്ലോ വനവാസം ചെയ്തത്. രാവണൻ സീതയെ അപഹരിച്ചു. അബ്റഹാമിന്റെ ഭാര്യ സാറയെയും രാജാവ് കവർന്നെടുക്കുകയാണ്. സാറ തിരിച്ചെത്തിയത് ഇസ്മാഈലിന്റെ അമ്മയാവാൻ ഭാഗ്യമുണ്ടായ ഹാജറിനോടൊപ്പമാണ്. സീത അഗ്നിപരീക്ഷയിലൂടെയാണ് പതിവ്രതയാണെന്നു തെളിയിച്ചത്. അബ്രഹാമും അഗ്നിയെ അതിജീവിക്കുന്നുണ്ട്. ബൈബിളിൽ അബ്റാം എന്നാണ് അബ്റഹാമിനെ ആദ്യം വിളിച്ചിരുന്നതെന്നു കാണുന്നു. പ്രവാചകനായ ശേഷമാണ് അബ്റഹാം (രാജ്യങ്ങളുടെ പിതാവ്) ആയത്.

അഥർവവേദത്തിൽ മുഹമ്മദ് നബിയെപ്പറ്റി പരാമർശിച്ചിട്ടുണ്ടെന്ന് സംശയിക്കപ്പെടുന്നു. മുഹമ്മദ് എന്നാൽ വാഴ്ത്തപ്പെട്ടവൻ എന്നാണല്ലോ അർഥം. വരാനിരിക്കുന്ന അവതാരം 'വാഴ്ത്തപ്പെട്ടവനും അഭിനന്ദിക്കപ്പെടുന്നവനു'മാണെന്നും 'അവന്റെ വാഹനം–സ്വർഗത്തെ സ്പർശിക്കാൻ പോലും വേഗതയാർന്ന ഒട്ടകങ്ങളാണ് വലിയ്ക്കുകയെന്നും സൂചിപ്പിച്ചിട്ടുണ്ട്'.[10] വിഷ്ണുപുരാണം 24–ാം അധ്യായത്തിൽ വേദങ്ങൾ ഉദ്ബോധിപ്പിച്ച ആചാരങ്ങളും നിയമത്തിന്റെ വ്യവസ്ഥകളും ഏതാണ്ടില്ലാതാകുകയും ഇരുളടഞ്ഞ യുഗം സമീപിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ അവസാനത്തെ അവതാരം ഒരു യോദ്ധാവിന്റെ രൂപത്തിലുണ്ടാവുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. സംഫാല ദ്വീപിൽ (Sambhala Dip) മണൽ ദ്വീപിൽ ഒരു പ്രമുഖ കുടുംബത്തിലാണ് അവതരിക്കുക. വിഷ്ണുദാസനെ (ദൈവദാസൻ)ന്നായിരിക്കും പിതാവിന്റെ പേര്. അമ്മ സോമവതി (വിശ്വസ്ത) ആയിരിക്കും എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അബ്ദുല്ലയുടെ അർഥം ദൈവദാസനെന്നാണ്. ആമിനയുടേത് വിശ്വസ്തയെന്നും അനുമാനിക്കാം. നബിയുടെ മാതാപിതാക്കന്മാർ അവരാണല്ലോ. വിശുദ്ധ ഖുർആനിലെയും അഥർവവേദത്തിലെയും വിവരണങ്ങൾക്ക് തമ്മിൽ വളരെയേറെ സാമ്യം കാണിക്കാം. ഒരുദാഹരണമിതാ: വിശുദ്ധ ഖുർആൻ 58:7–ൽ ദൈവത്തിന്റെ മഹത്വങ്ങൾ വിവരിക്കുന്നതിങ്ങനെയാണ്: "ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹു അറിയുന്നു എന്ന വസ്തുത നീ കാണുന്നില്ലേ? മൂന്നു പേർ കുശു കുശുക്കുമ്പോൾ നാലാമാനായി അവൻ ഉണ്ടാകുന്നു. അഞ്ചു പേർ അടക്കം പറയുമ്പോൾ ആറാമതായി അവൻ ഉണ്ടാകുന്നു. കുറഞ്ഞാലും അധികരിച്ചാലും അവരൊന്നിച്ച് എവിടെയാണെങ്കിലും അവൻ ഉണ്ടാകാതിരിക്കില്ല.'' അഥർവവേദം കാണ്ഡം 4 വർഗം 16 മന്ത്രം 8–ൽ "ആർതന്നെ നിന്നാലും നടന്നാലും രഹസ്യമായി ചിരിച്ചാലും കിടന്നാലും എഴുന്നേറ്റു നടന്നാലും അതറിയുന്നു. രണ്ടു വ്യക്തികൾ തമ്മിൽ കുശുകുശുത്താലും അധീശനായ അദ്ദേഹം അറിയുന്നു. അവിടെ അദ്ദേഹം തൃതീയനാണെ"ന്ന് സമർഥിക്കുന്നു.

മക്കാവിജയത്തെത്തുടർന്ന് കുറ്റവാളിയായ കഅ്ബുബ്നു സുഹൈർ എന്ന കവി പ്രവാചകന്റെ മുന്നിൽ സ്വയം ഹാജരായി, ഒരു 'ഖസീദ' ആലപിക്കാനുള്ള അനുവാദം തേടി. കവിത കേട്ട് സംതൃപ്തനായ പ്രവാചകൻ തന്റെ 'അങ്കവസ്ത്രം' നൽകി കവിയെ ആദരിച്ചു.

അങ്കവസ്ത്രത്തിന്റെ ഖസീദ എന്നു വിശ്വഖ്യാതി നേടിയ ആ കവിതയിൽ 'മിൻസുയൂഫിൽ ഹിന്ദിമസ്‌ലൂലു' എന്നാണ് പ്രവാചകനെ വിശേഷിപ്പിച്ചിരുന്നത്. "ഇന്ത്യയിൽ ശിൽപചാതുര്യത്തോടെ കടഞ്ഞെടുത്തതും ഉറയിൽനിന്നൂരിയതുമായ വാളാണ് അങ്ങ്" എന്നാണല്ലോ അതിനർഥം. അന്നേ ഇന്ത്യയിലുണ്ടാക്കിയ വാളിന്റെ മഹത്വത്തെപ്പറ്റി അറബികൾക്കറിയാമായിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. "ഈ മന്ദമാരുതൻ ഇന്ത്യയിൽനിന്ന് വരുന്നതായി തോന്നുന്നു" എന്ന നബിവചനം തന്നെയുണ്ട്. മരുഭൂമിയിലെ ചുടുമണൽക്കാറ്റിനെ തടുത്തുനിർത്തിയിരുന്ന സമൂം എന്ന പർവതത്തെ അറബികൾ 'ഹിന്ദ്'എന്നു വിളിച്ചിരുന്നതിവിടെ സ്മരണീയമാണ്. മരുഭൂമിയിൽ ജീവിച്ച അറബികൾ പഴങ്ങളും പൂക്കളും കേരവും കാടും നദികളും നിറഞ്ഞ 'ഹിന്ദി'ൽ ഭ്രമിച്ചിരുന്നു എന്നനുമാനിക്കാം. 2000 വർഷങ്ങൾക്ക് മുമ്പ് മലബാറിലെ കരുവാരക്കുണ്ടിൽ നിർമിച്ച ഉരുക്കുവാൾ, ചട്ടി മുതലായവ ഈജിപ്തിലും റോമിലും ദമസ്കസിലും ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു. മുസൈലിമത്തുമായുണ്ടായ യുദ്ധത്തിനിടയിൽ ഖാലിദ് ഇബ്നു വലീദും മജാഅയെന്ന യോദ്ധാവുമായുണ്ടായ സംഭാഷണം ഇതു തെളിയിക്കുന്നതാണ്. ഖലീഫാവലീദ് പറഞ്ഞു: "ശത്രുപാളയത്തിൽത്തന്നെ പടയാണെന്നു തോന്നുന്നു. വാളുകൾ അതാ വെട്ടിത്തിളങ്ങുന്നു. നമുക്കാശ്വാസമായി." 'അല്ല ഇന്ത്യൻ വാൾ കറപിടിക്കാതിരിക്കാൻ നിരത്തിവെച്ചിരിക്കുകയാണെന്നായിരുന്നു' മജാഅയുടെ മറുപടി. 'സൂര്യപ്രകാശത്തിൽ അവ വെട്ടിത്തിളങ്ങുകയാണ്'.[11] ബഹ്റൈൻ, ഒമാൻ തുടങ്ങിയപ്രദേശങ്ങളിൽ ഇന്ത്യക്കാർ കൂടുതലായി കുടിയേറിപ്പാർത്തിരുന്നുവത്രെ. അവരിലധികവും ജാട്ടുകളും മറ്റുമായിരുന്നു. പ്രവാചകപത്നി ആഇശയെ ഇന്ത്യക്കരനായ ഒരു ഭിഷഗ്വരൻ ചികിത്സിച്ചതായി തിർമിദി നിവേദനം ചെയ്ത നബിവചനമുണ്ട്. ഖുറൈശി പ്രമുഖനായ അബൂസുഫ്യാന്റെ ഭാര്യയുടെ പേര് ഹിന്ദ് എന്നായിരുന്നു. മുഹമ്മദ് നബിയുടെ ധർമപത്നി ഖദീജയുടെ മുൻവിവാഹത്തിലുണ്ടായിരുന്ന രണ്ട് സന്താനങ്ങളുടെയും പേരിൽ (മകൾ ഹിന്ദും മകൻ ഹിന്ദ് ഇബ്നുബിലയും) ഹിന്ദ് ഉണ്ടായിരുന്നു. എല്ലാ നല്ലതിനും അവർ 'ഹിന്ദ്' എന്ന പേര് നൽകിയിരുന്നു. ഇംറുൽഖൈസ് മഹാകവി മരുഭൂമിയിൽ ചിതറിക്കിടന്നിരുന്ന മാൻകാഷ്ഠത്തെ ഉപമിച്ചത് ഉണങ്ങിയ കുരുമുളകിനോടാണ്.

"തറാബഅ്റൽ അറാമി ഫീ അറസാതിഹാ വഖീആനിഹാ കഅന്നഹു ഹുബ്ബു ഫുൽഫുലി"

(ആ വീടിന്റെ അങ്കണത്തിലും പരിസരത്തും മാൻകുട്ടികളുടെ കാഷ്ഠം നീ കാണുന്നു. ഉണങ്ങിയ കുരുമുളകുമണി പോലെ)എന്നർഥം. ബിർസത്തൻ ഹിന്ദി എന്ന ഒരു അസ്ഹാബിതന്നെ ഉണ്ടായിരുന്നതായി ഹാഫിസ് ഇബ്നു ഹജർ 'ഇസാബ' എന്ന ഗ്രന്ഥത്തിൽ(1:78) വെളിപ്പെടുത്തിയിട്ടുണ്ട്. ബർസത്തൻ യമനിലെ ഇന്ത്യക്കാരനായ ഒരു വ്യാപാരിയായിരുന്നു. പിന്നീട് ഇസ്‌ലാംമതം സ്വീകരിച്ച് നബിയുടെ സഹചാരിയായി ഉയർന്നു എന്നും പറയപ്പെടുന്നു. മക്കത്ത് രണ്ടു പ്രാവശ്യം പോയി മുഹമ്മദ് നബിയെ സന്ദർശിച്ചശേഷം മുസ്‌ലിമായി ഇന്ത്യയിൽ വന്നു പാർപ്പാക്കിയ ബാബാരത്തനെന്ന സന്യാസിയെപ്പറ്റിയും ഇബനുഹജറും ദഹബിയും പരാമർശിച്ചിട്ടുണ്ട്. ബാബാരത്തൻ എഴുനൂറു വർഷം മുമ്പ് ജീവിച്ചു എന്നു പേലും വിശ്വസിക്കപ്പെടുന്നു.[12]

ബാബാരത്തനും ബിർസത്തനും ഒരാളാണോ എന്നു അറിയില്ല. മിഅ്റാജ് വേളയിൽ മുഹമ്മദ് നബി ഈസാ, മൂസാ, ഇബ്റാഹീം എന്നീ നബിമാരെ കണ്ടതായി 'സ്വഹീഹുൽ ബുഖാരി'യിലെ ഒരു നബിവചനത്തിലുണ്ട്. മൂസയാവട്ടെ തവിട്ടുനിറവും പൊക്കമുള്ള ശരീരവുമുള്ള ഒരാളാണ്. കണ്ടാൽ ഇന്ത്യയിലെ ജാട്ടു വർഗത്തിലെ ഒരാളാണെന്നു തോന്നും എന്നാണതിൽ പറയുന്നത്. പ്രവാചകനും അനുയായികൾക്കും ഇന്ത്യക്കാർ സുപരിചിതരായിരുന്നു എന്നാണല്ലോ ഇതൊക്കെ കാണിക്കുന്നത്. ഇന്ത്യയുടെ പടിഞ്ഞാറൻ തീരവുമായി വിശേഷിച്ചും കേരളവുമായി അറബികൾക്ക് സന്തത സമ്പർക്കമുണ്ടായിരുന്നു എന്നനുമാനിക്കാൻ വകതരുന്നതാണല്ലോ അംബരേഷൻ എന്ന ചെട്ടിയുടെ കപ്പൽ കോഴിക്കോടിന്നടുത്തുവെച്ച് മുങ്ങാറായതും പിന്നീട് കോഴിക്കോട് ആസ്ഥാനമാക്കി ആ ചെട്ടി അറബിനാടുമായി കച്ചവടം തുടർന്നതും മറ്റുമായ കഥകൾ.[13] ആക്ടിയമിൽ ആന്റണിയുടെയും ക്ലിയോപാട്രയുടെയും കീഴിൽ പടപൊരുതിയവരിൽ ഇന്ത്യക്കാരായ കപ്പൽക്കാർ ഉണ്ടായിരുന്നു എന്ന് വെർജിൽ രേഖപ്പെടുത്തിയിട്ടുണ്ട്.[14]

പെരുമാളുടെ മതംമാറ്റക്കഥ, കണ്ടുകിട്ടിയിട്ടുള്ള 'കേരളോൽപത്തി'കളെല്ലാം ഏതാണ്ട് ഒരേതരത്തിൽ വിശദീകരിച്ചിട്ടുണ്ട്. കാലഗണനയിലും ചേരമാനാണോ പള്ളി ബാണരാണോ പോയതെന്നതിനെ സംബന്ധിച്ചും മാത്രമേ അഭിപ്രായഭേദമുള്ളൂ. കൊല്ലവർഷം 1000 മീനം 6–ന് എഴുതിത്തീർത്തു എന്നു കാണിക്കുന്നതും... തൃശൂർ ഭാരതവിലാസം പ്രസ്സിൽ അച്ചടിച്ചതുമായ 'കേരളോൽപത്തി'യിൽ 'മാർക്കം പുക്ക പെരുമാൾ വസ്തുവും പിരിച്ചുകൊടുത്തു വേറെവെക്കുകയും ചെയ്തു. അത് ചേരമാൻ പെരുമാളല്ല. കീഴിൽ നാല് പെരുമാക്കൾ വാണ് അഞ്ചാമത് ചേരമാൻ പെരുമാള്' എന്നാണ് വിവരിക്കുന്നത്. പത്നിയുടെ ആരോപണം വിശ്വസിച്ചു പട മലനായരെ വധശിക്ഷക്ക് വിധിച്ച ചേരമാൻ പെരുമാളുടെ കഥ പിന്നീട് വിവരിക്കുന്നു. 'രാജ്ഞി മന്ത്രിയെ രഹസ്യവേഴ്ചക്കു ക്ഷണിച്ചു. വഴിപ്പെടാതിരുന്നപ്പോൾ രാജാവിനോട് സൈന്യാധിപൻ തന്നെ ബലാൽക്കാരം ചെയ്യാൻ മുതിർന്നതായി പറഞ്ഞു വിശ്വസിപ്പിച്ചു. പടമലനായർ അത്ഭുതാവഹമാം വണ്ണം രക്ഷപ്പെട്ടു (പടമലനായർ ഒഴിഞ്ഞുപോയതോടെയാണ് പെരുമാളുടെ സൈന്യം 'ഒന്നുകുറവ് ആയിരമായിത്തീർന്ന'തെന്നു പറയപ്പെടുന്നു). ഒരു മേഘശകലം പടമലനായരെ പൊക്കിയെടുത്തുയർന്നു എന്നാണൈതിഹ്യം. പശ്ചാത്താപ വിവശനായ രാജാവിനെ നോക്കി പടമലനായർ ഇങ്ങനെ ഉപദേശിച്ചുവത്രേ: "വടക്ക് അശുവിങ്കൽ കുതിരപ്പുറത്ത് വേദ ആപിയാര് എന്നൊരു ജോനകനുണ്ട്. അവിടെ ചെന്നു കണ്ടാൽ നാലാം വേദമുറപ്പിച്ചു ഓല മാറി കപ്പൽ വെപ്പിച്ചു ഓട്ടഴകത്തിന്മേൽ വന്നു തിരുവഞ്ചി മുഖത്തണയും. അവിടെനിന്നും കുംഭമാസത്തിൽ പതിനാറ് നിലാവ് നേർവെളിപ്പെട്ടു ഒന്നിച്ചു പ്രകാശിക്കുമ്പോൾ പാതി പകുത്ത് ഭൂമിയിലിറങ്ങി അതിനൊത്ത് ഒരു പുളപ്പായി ഉദിച്ചുകാണും. അന്തിയായിക്കാണും. അവിടെ നാലാം വേദമുറപ്പിച്ചു ഒക്കത്തക്ക അശുവിനു പൊക്കൊണ്ടാൽ പാതി മോക്ഷം കിട്ടും എന്നു പറഞ്ഞു പടമലനായര് സ്വർഗം പുക്കതിന്റെ ശേഷം പെരുമാൾ അശുവിനു പോകുകയും ചെയ്തു" (കേരളോൽപത്തി) എന്നു കാണുന്നു. അശുവിനു പോയി എന്നത് ഹജ്ജിനു പോയി എന്നു വ്യാഖ്യാനിക്കാവുന്നതാണെന്നൊരു പക്ഷമുണ്ട്. മക്കത്തുനിന്ന് വന്ന വല്ല

പണ്ഡിതരെയും ഉദ്ദേശിച്ചാവാം വേദആപിയാര് എന്നു പറഞ്ഞത്. പെരുമാൾ സിലോണിൽനിന്ന് മടങ്ങുകയായിരുന്ന ഒരു മുസ്‌ലിം സംഘത്തെ കാണാനിടയായി എന്നും അവരുടെ നേതാവ് ശൈഖ് ശിഹാസുദ്ദീൻ സ്വപ്നം വ്യാഖ്യാനിച്ചുകൊടുത്ത് അദ്ദേഹത്തെ മുസ്‌ലിം മതവിശ്വാസിയാക്കി എന്നും[16] പലരും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ സ്വപ്നത്തെയും ചന്ദ്രൻ പിളർന്നതിനെയും മറ്റും പറ്റിയുള്ള പരാമർശങ്ങൾ മാത്രമേ അവിശ്വസനീയമായി തോന്നുന്നുള്ളൂ. 'ഞാൻ അത്ഭുത വിദ്യകൾ കാണിക്കാനല്ല നിയോഗക്കപ്പെട്ടിരിക്കുന്നതെ'ന്ന് പ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ടല്ലോ.

കേരളത്തിൽ മുസ്‌ലിംകൾ വന്നതിനെപ്പറ്റി കേണൽ മെക്കൻസി സായ്പിന്റെ നിർദേശാനുസരണം പൊന്നാനി തുക്കിടി കച്ചേരിയിൽ വെച്ച് സൈനുദ്ദീൻ മഖ്ദൂം തെളിവ് നൽകിയതിങ്ങനെയാണ്: "അറബിക്കരയിൽനിന്നു മറ്റൊരു കൂട്ടം ഇസ്‌ലാം മതക്കാർ വന്നു. ആ കൂട്ടത്തിൽ യോഗ്യനും വിശുദ്ധനുമായ ഒരു ശൈഖും കൂടി വന്നിരിക്കുന്നു എന്ന വർത്തമാനം രാജാവ് ഗ്രഹിച്ചപ്പോൾ അദ്ദേഹത്തെ വരുത്തി സൽക്കരിച്ചു. അദ്ദേഹം രാജാവിനോട് മക്കയെന്ന രാജ്യത്ത് മുഹമ്മദ് നബി വന്ന് താൻ ദൈവദൂതനാണെന്ന് വെളിപ്പെടുത്തിയതിനെക്കുറിച്ചും സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. പിന്നെ രാജാവ് ഞാനും നിങ്ങളോടു കൂടി മക്കത്തേക്ക് വന്നു മുഹമ്മദ് നബിയെ കാണാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. ബന്തറിലുള്ള കപ്പൽക്കാരൻ ഒരുവനുമായി മക്കത്തേക്കുള്ള യാത്രയെ പറ്റി വേണ്ട നിശ്ചയങ്ങളെല്ലാം ചെയ്തു. അറേബ്യയിൽ എത്തിയശേഷം മക്കത്തേക്ക് നടന്നു ചെന്നു മുഹമ്മദ് നബിയുമായി കൂടിക്കാഴ്ച ഉണ്ടാവുകയും അതുകൊണ്ട് രാജാവ് ദൈവത്തിന്റെ മുമ്പിൽ അനുഗ്രഹിച്ചവനാവുകയും ചെയ്തു.[17]

ഉമർ ഇബ്നു മുഹമ്മദ് സുഹർവർദിയുടെ രിഹാലത്തുൽ മുലൂക്കിൽ (രാജാക്കന്മാരുടെ യാത്ര) കുറേക്കൂടി വിശ്വസനീയമായി തോന്നുന്ന ഒരു വിവരണമുണ്ട്. കേരളത്തിന് പണ്ടേ മഹൽ ദ്വീപുമായി കച്ചവടബന്ധമുണ്ടായിരുന്നു. അവിടത്തെ രാജാവ് മുസ്‌ലിം മതാനുയായി ആയിരുന്നു. അദ്ദേഹത്തിന്റെ ഉപദേശാനുസരണമാണ് പെരുമാൾ മാറ്റത്തിനൊരുങ്ങിയത്. പെരുമാളെ ഉപദേശിച്ചു മനസ്സുമാറ്റാനും തിരിച്ചുകൊണ്ടുവരാനും നിയോഗിക്കപ്പെട്ട രണ്ട് ബ്രാഹ്മണ പണ്ഡിതന്മാരും ദ്വീപിലെത്തി എന്ന ഐതിഹ്യവും ഇതിന്നുപോദ്ബലകമാണ്. അവർ ദ്വീപിൽ പാർപ്പാക്കി. അവരുടെ പിൻമുറക്കാരായ 'ഇല്ല'ക്കാർ ഇന്നും ദ്വീപുകളിലുണ്ട്. ജീവിതത്തിൽ വിരക്തി തോന്നിയ പെരുമാൾ രാജ്ഞിയെ അവഗണിച്ചു. ഈ സാഹചര്യത്തിലാണ് കൃഷ്ണൻ മുൻജാദ് എന്ന മന്ത്രിയെ രാജ്ഞി കിടപ്പറയിലേക്ക് ക്ഷണിച്ചത്. (രാജാവിന്റെ മതമാറ്റത്തീരുമാനത്തിനെതിരായി ഗൂഢാലോചന നടത്താനുമാവാം മന്ത്രിയെ വിളിച്ചതെന്നും രാജാവിനെ അനുഗമിക്കാൻ മകനെ അനുവദിക്കാത്തതുകൊണ്ടാണ് മരുമകൻ മഹാബലി കൂടെ പോയതെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു).

കൃഷ്ണൻ മുൻജാദിനെ മഹൽ രാജാവാണ് ഇസ്‌ലാമിലേക്കാകർഷിച്ചത്. വധശിക്ഷക്കു വിധിക്കപ്പെട്ടതിനെ തുടർന്ന് അദ്ദേഹം മഹൽ ദ്വീപിലേക്ക് രക്ഷപ്പെട്ടു. അവിടത്തെ രാജാവിനോടൊപ്പം ബസറയിലേക്കു പോയി. അവിടെ വെച്ച് മാലിക് ഇബ്നു ദീനാറെ കാണാനിടയായി. അവർ മൂന്നു പേരും ചേർന്ന് മക്കയിലേക്ക് പുറപ്പെടുന്നതിനു മുമ്പ് മഹൽ രാജാവ് ഗുലാം സയ്യിദ് ഗുലാം മുഹമ്മദ് എന്ന അറബിക്കച്ചവടക്കാരനെ ചേരമാൻ പെരുമാൾക്കുള്ള കത്തുകൾ ഏൽപിച്ചു. മാലിക് ദീനാറും പെരുമാൾക്ക് കത്തുകൾ കൊടുത്തിരുന്നു. അറബിക്കച്ചവടക്കാർ അവ പെരുമാൾക്കു നൽകി. പശ്ചാത്താപവിവശനായ പെരുമാൾ സിലോണിൽനിന്ന് മടങ്ങുമ്പോൾ കൊടുങ്ങല്ലൂർ ഇറങ്ങണമെന്നും മക്കയിലേക്ക് താനും അവരെ അനുഗമിക്കാമെന്നും വാക്കുകൊടുത്തു. കൃഷ്ണൻ മുൻജാദിന്റെ (പിന്നീട് ഹുസൈൻ ഖാജയായി) ബന്ധുക്കളായ മുസ്താമുദുക്കാദ്, നീലി നിഷാദ, ഷാരിപാദ് എന്നിവരും അവരുടെ ആശ്രിതരായ അസ്‌വാദ്, മർജാൻ എന്നിവരും രാജാവിനോടൊപ്പം ചേർന്നു.''[18] അങ്ങനെ രാജാവും അനുചരന്മാരും കൊടുങ്ങല്ലൂർനിന്ന് പുറപ്പെട്ടു.

പെരുമാളിന്റെ മതമാറ്റത്തിന്റെ കാലഗണനയെ സംബന്ധിച്ചും അഭിപ്രായഭേദമുണ്ട്. 'തുഹ്ഫത്തുൽ മുജാഹിദീൻ' എ.ഡി 822 (9–ാം നൂറ്റാണ്ട്) ആണെന്നു പറയുന്നു. "അത് 12–ാം നൂറ്റാണ്ട് ആദ്യമാവുമെന്നും ഏഴാം നൂറ്റാണ്ടിലോ ഒമ്പതാം നൂറ്റാണ്ടിലോ ആവില്ലെന്നു[19]മാണ് മറ്റൊരു പക്ഷം. 'രാജ്യം പങ്കിടൽ എന്നൊന്നു നടന്നിട്ടുണ്ടെങ്കിൽ അത് ക്രി. പി. 1102–നു മുമ്പെല്ലന്നു[20] ചിലർ തീർത്തു പറയുന്നു.'' ഇന്നസ്സ് സൂചിപ്പിക്കുന്നതുപോലെ മുഹമ്മദീയനായി മതംമാറിയ പെരുമാൾ വാഴ്ച ഒഴിഞ്ഞതോടെ അവസാനിച്ച ഒരു രാജവംശം കൊടുങ്ങല്ലൂർ ഭരിച്ചിരുന്നു എന്ന് ഏതാണ്ട് ഊഹിക്കാമെന്നും അത് മിക്കവാറും 9–ാം നൂറ്റാണ്ടിലാവാമെന്നുമാണ്[21] മറ്റൊരു അഭിപ്രായം. അതെന്തായാലും എ.ഡി 216 മുതൽ 825 വരെയുള്ള പെരുമാക്കന്മാരുടെ പേർവിവരപട്ടിക കാണിച്ചു 'മുഹമ്മദ് നബിയുടെ കാലത്ത് പെരുമാൾ പോയിരിക്കാനിടയില്ലെന്നു[22] സൂചിപ്പിക്കുന്നതിലർഥമില്ലെന്ന് തീർച്ചയാണ്. കാരണം പെരുമാക്കന്മാരുടെ വംശചരിത്രം ഇപ്പോഴും അജ്ഞാതമാണന്നാണ് അഭിജ്ഞമതം. 200–ൽ പരം ശിലാലിഖിതങ്ങൾ പരിശോധിച്ച സുന്ദർരാജും പ്രഫ. കീൽഹോണും 'ചേരമാൻപെരുമാളുടെ കാലഗണനക്കുതകുന്നതൊന്നും കണ്ടുകിട്ടിയിട്ടി'ല്ലെന്ന്[23] പറയുന്നു. ചേരമാൻപെരുമാളെന്ന വ്യക്തി ഉണ്ടായിരുന്നില്ലെന്നും ചേര അല്ലെങ്കിൽ കേരള (രണ്ടു പേരും ഒന്നുതന്നെ) എന്ന് ഭരണാധികാരികളുടെ വംശപ്പേരാണെന്നുമാണ് ഗുണ്ടർട്ടിന്റെ പക്ഷം. ചേരമാൻ പെരുമാളുടെ യഥാർഥ പേര് പള്ളിബാണപെരുമാൾ എന്നാണെന്നും ശ്രീമാൻ പെരുമാൾ എന്ന പട്ടപ്പേര് കിട്ടിയതിനെ[24] തുടർന്നാണ് ചേരമാൻ എന്ന പേരുണ്ടായതെന്ന് പറയുന്നവരും ഗുണ്ടർട്ടിന്റെ നിഗമനത്തോട് യോജിപ്പുള്ളവരാണ്. കേരളത്തിന്റെ ആധിപത്യം ചോള, പാണ്ഡ്യ, രാഷ്ട്ര കൂട രാജാക്കന്മാർക്കായിരുന്നു എന്നും അവരുടെ പ്രതിനിധി മാത്രായിരുന്നു ചേരമാനെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ഏതായാലും കേരളത്തിലെ ഒരു രാജാവ് ഇസ്‌ലാം മതത്തോടുള്ള ബഹുമാനം നിമിത്തം മക്കത്തേക്കും മദീനത്തേക്കും പോയിട്ടുണ്ടാവാമെന്ന'തിൽ പക്ഷാന്തരമില്ല. അത് സാമൂതിരിപ്പാടാണെങ്കിൽ ഇബ്നു ബത്തൂത്തയുടെ അഭിപ്രായം കണക്കിലെടുത്ത് 'ഒരു കോലത്തിരിയും ഇസ്‌ലാമായി' എന്നു പറയേണ്ടിവരും. 'അതുകൊണ്ട് കോലത്തിരിക്കും, സാമൂതിരിക്കും പൊതുവായുള്ള ഒരു പൂർവികനുമായി ഈ മതമാറ്റക്കഥയെ ബന്ധിപ്പിക്കലാവും നല്ലതെന്നു തോന്നുന്നു.'[25]

'പൂത സമുദ്രക്കരയുള്ളവരെ ചേര അങ്ങാടിയിൽ സ്വാഗതം ചെയ്തു. നാലാം വേദത്തിലെ സിദ്ധാന്തമനുസരി

ച്ചുള്ള വേദത്തിൽ പങ്കുകൊണ്ടു' എന്ന ഐതിഹ്യം[26] ഇതിന്റെയൊക്കെ വെളിച്ചത്തിൽ വിശ്വസനീയമാണ്. നാലാം വേദം ഇസ്‌ലാംമതംതന്നെ. ലോഗന്റെ വിവരണത്തിൽ അറബിക്കരയിലെ സഫാറിലുള്ള ഖബ്റിടത്തിന്മേൽ ഹിജ്റ 212–ൽ എത്തി 216–ൽ മരിച്ചു എന്നു രേഖപ്പെടുത്തിയിട്ടുള്ളതായി വിവരിച്ചിട്ടുണ്ട് (ഇസ്‌ലാംമതം വിശ്വസിച്ച ഒരു സാമൂതിരിയുടെതാണീ ശവക്കല്ലറ എന്നും ഒരഭിപ്രായമുണ്ട്). ഇതു ചൂണ്ടിക്കാട്ടി പെരുമാൾ മക്കത്ത് ചെന്നത് മുഹമ്മദ് നബിയുടെ കാലത്തല്ലെന്നു വരുത്തിത്തീർക്കാൻ ശ്രമിക്കുന്നത് നിരർഥകമാണ്. സാമിരിക്ക് 'അപരിചിതൻ', 'വിദേശി', 'കാവൽക്കാരൻ', 'ഉണർന്നിരിക്കുന്നവൻ' എന്നൊക്കെ അർഥമുണ്ടെന്ന് വിശദീകരിച്ചുവല്ലോ. ആ നിലയിൽ സഫാറിലെ ഖബ്റിടവും പെരുമാളും തമ്മിൽ ബന്ധമുണ്ടാവാനിടയില്ല. അതുമല്ല ലണ്ടനിലെ ഇന്ത്യാആഫീസ് ലൈബ്രറിയിൽ സൂക്ഷിച്ച രേഖയിൽ കാണുന്ന പദ്യത്തിലെ (M 85, 714–920) 'ശക്രൂത്തി പെരുമാൾ' എന്നതും സാമൂതിരിയുമായി എന്തെങ്കിലു ബന്ധമുണ്ടാവാനിടയില്ലെന്നു സൂചിപ്പിക്കുന്നതാണ്. അതുകൊണ്ട് 'ഇസ്‌ലാം മതം പ്രചരിച്ചതോടെ അതിന്റെ സ്വാധീനം കേരളത്തിലും അനുഭവപ്പെട്ടു' എന്നും അവസാനത്തെ 'പെരുമാൾ ഇസ്‌ലാംമതം സ്വീകരിക്കുകയും തീർഥാടനത്തിനു പോവുകുയം ചെയ്തു'[27] എന്നും വിശ്വസിക്കാനാണ് ന്യായം കാണുന്നത്. ശെഹർ മുഖല്ലയിൽ കപ്പലിറങ്ങിയ പെരുമാൾ നബിയെ നേരിട്ട് കാണുവാൻ വേണ്ടി ജിദ്ദയിലേക്ക് പോയി. പ്രവാചകൻ പെരുമാളെ സബഹുമാനം സ്വീകരിച്ചു. അറേബ്യയിലെ പൗരപ്രധാനികൾ പലരും രാജാവിനെ കാണാൻ വരികയും ഹാർദമായി അനുമോദനങ്ങൾ അറിയിക്കുകയും ചെയ്തു– എന്നു തുടങ്ങി പെരുമാളുടെ മതമാറ്റ കഥയുടെ സൂക്ഷ്മാംശങ്ങൾ വരെ കേരള ചരിത്രത്തിൽ അലിഞ്ഞുചേർന്നു കഴിഞ്ഞിട്ടുണ്ട്. പെരുമാൾ മക്കത്തേക്ക് പോയത് ഇരണിയലിൽനിന്നാണെന്ന ഒരഭിപ്രായവുമുണ്ടായിരുന്നു. ആണ്ടിലൊരിക്കൽ ആറാട്ടുത്സവത്തോടനുബന്ധിച്ച് ആനയെ കളത്തിലിറക്കി പെരുമാളെ തിരയിക്കുന്ന ചടങ്ങ് ഇന്നും അവിടെയുണ്ട്. സിലോണിലെ ആദം മലയിലേക്ക് പോകുന്നവഴി മാലിക് ദീനാറും മറ്റും പെരുമാളെ സന്ദർശിച്ചു. പെരുമാൾ അവരോടൊപ്പം യാത്രതിരിക്കാമെന്നുറച്ചു. ജനങ്ങൾ പാണ്ഡ്യരാജാവിനോട് പരാതിപ്പെട്ടതിനെത്തുടർന്ന് വരഗുണപാണ്ഡ്യൻ ഒരു സൈന്യവുമായി വന്ന് വിഴിഞ്ഞത്തുവെച്ചു പെരുമാളെ തോൽപിച്ചു. സർവസംഗപരിത്യാഗിയായിത്തീർന്ന പെരുമാൾ രാജ്യം പങ്കുവെച്ചു കൊടുത്ത് അറബികളോടൊപ്പം മക്കത്തേക്കുപോയി എന്നാണ് ഐതിഹ്യം. ഏതാണ്ട് 14–ാം നൂറ്റാണ്ടിനോടടുത്തുള്ള ഒരു പഴയ മലയാള പദ്യത്തിൽ അവസാനത്തെ പെരുമാളുടെ പേര് രാമവർമയാണെന്നുകാണുന്നു.... 1102–ലെ ലിഖിതത്തിൽ പറയുന്ന പ്രായശ്ചിത്തച്ചടങ്ങിനുശേഷം രാമവർമയെ ഒരു രേഖയിലും പറയുന്നില്ല. അദ്ദേഹം നേരത്തേ ചൂണ്ടിക്കാട്ടിയതുപോലെ ഒരു സന്യാസിയായിരുന്നു... നമ്പൂതിരി ജന്മിമാരുടെ വെറും 'റാൻ'മൂളിയാവാൻ വയ്യെന്നു തോന്നിയതുകൊണ്ട് അദ്ദേഹം അപ്രത്യക്ഷനായിരിക്കാമെന്നും അനുമാനിക്കപ്പെടുന്നുണ്ട്.[28]

ഇസ്‌ലാംമതം മുഹമ്മദ് നബിയുടെ കാലത്തുതന്നെ കേരളത്തിൽ പ്രചരിച്ചു തുടങ്ങി എന്ന് അനുമാനിക്കാവുന്നതും സയ്യിദ് മുഹമ്മദ് ഇബ്നു ഉമർ അലി രചിച്ചതുമായ ഒരു പദ്യവും ഇരിക്കൂറിൽ 'സനഃ ഖംസുൻ' (ഹിജ്റ 9) എന്നു രേഖപ്പെടുത്തപ്പെട്ട കല്ലും കണ്ടതായി സി. എൻ അഹ്മദ് മൗലവി രേഖപ്പെടുത്തിയതിവിടെ ശ്രദ്ധേയമാണ്.[29] പൂഞ്ഞാറിൽനിന്നിയ്യിടെ കിട്ടിയ നാണയത്തിന്മേൽ എ.ഡി 736 (ഹിജ്റ 118) എന്നാണ് രേഖപ്പെടുത്തിയിരുന്നതെന്ന് കോഴിക്കോട് സർവകലാശാല ആർക്കിയോളജി ലക്ചറർ ജോൺ ഓച്ചന്തുരുത്ത് പ്രസ്താവിച്ചിരുന്നു. ഉമയ്യാദ് ഖലീഫമാരുടെ ദീനാറിനോട് സാമ്യമുള്ളതാണ് അതെന്ന് കരുതപ്പെടുന്നു. തിരുനെൽവേലിയിലെ താമ്രപർണി നദീമുഖത്തുള്ള കായൽ പട്ടണത്തുനിന്ന് കാർസ്വെൽ ഹിജ്റ 71 എന്നു രേഖപ്പെടുത്തിയ നാണയങ്ങളും ആദ്യകാലത്തേതെന്നുറപ്പിക്കാവുന്ന അറേബിയൻ പിഞ്ഞാണക്കഷണങ്ങളും കണ്ടെടുക്കുകയുണ്ടായി. പന്തലായിനി കൊല്ലത്തൊരു നീശാൻ കല്ലിന്മേൽ അലി ഇബ്നു ഉദോർമാൻ ഹിജ്റ 166–ൽ ഇഹലോകവാസം വെടിഞ്ഞു എന്നു വ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ട് (ഇന്നസ്സ മലബാർ അഞ്ചൻ ഗോസിസ് (റ്റീക്ഗസ്റ്റിയർ). എ.ഡി 9–ാം നൂറ്റാണ്ടിൽ പോലും ഇസ്‌ലാംമതവിശ്വാസികളെ ചൈനയിലോ ഇന്ത്യയിലോ കണ്ടില്ലന്ന അറബി സഞ്ചാരിയായ സുലൈമാന്റെ പ്രസ്താവന ഒതുരത്തിലും യാഥാർഥ്യവുമായി പൊരുത്തപ്പെടുന്നതല്ലെന്ന് ഇതൊക്കെ തെളിയിക്കുന്നു. പെരുമാളുടെ മതപരിവർത്തനത്തിനും മക്കായാത്രക്കും ചുറ്റുമുള്ള നിഗൂഢതയുടെ പരിവേഷമെന്ത് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. പെരുമാളുടെ മക്കായാത്രതന്നെ ഒരു ഒളിച്ചോട്ടമായിരുന്നു എന്നോർത്താൽ ഇതിനുത്തരമായി. നാട്ടുകാരും രാജ്ഞിയും അതിനെതിരായിരുന്നു. വരഗുണപാണ്ഡ്യന്റെ ആക്രമണത്തെപ്പറ്റി പറഞ്ഞുവല്ലോ. 'കൊടുങ്ങല്ലൂർ തുറമുഖത്തുനിന്ന് കപ്പൽ ഗൂഢമായി കയറി കൊയിലാണ്ടി തൂക്കിൽ ഒരു ദിവസം പാർത്തു. പിറ്റേ ദിവസം ധർമപട്ടണത്തെത്തി. ധർമപട്ടണം കോവിലകം രക്ഷിപ്പാൻ സാമൂതിരിയെ ഏൽപിച്ചു. കപ്പലിൽ പോയി കേറിയ ശേഷം കൊടുങ്ങല്ലൂർ നിന്ന് കപ്പൽക്കാരും മറ്റും പോയി പെരുമാൾ കയറിയ കപ്പൽക്കാരുമായി വളരെ യുദ്ധമുണ്ടായി. പിടികൊടുക്കാതെ ശഹർ മുഖല്ല എന്ന ബന്തറിൽ ഇറങ്ങുകയും ചെയ്തു' എന്ന് ഹെർമൻ ഗുണ്ടർട്ട് പ്രകാശിപ്പിച്ച 'കേരളോൽപത്തി'യിലെ വിവരണവും ഇതിന്നനുയോജ്യമാണ്. പെരുമാൾ അറേബിയയിൽ വെച്ച് അന്തരിച്ചുവെങ്കിൽ സഹായികൾ മലബാറിൽ പോയി മതം പ്രചരിപ്പിക്കണമെന്ന് അദ്ദേഹം അതിനു മുമ്പ് ആഗ്രഹിച്ചിരുന്നു. നമ്പൂതിരിമാരുടെ പ്രാബല്യം വർധിക്കുന്നതും ജാതിക്ക് ദാർഢ്യം സിദ്ധിക്കുന്നതും മറ്റും ആ കാലത്തോടുകൂടിയാണെന്ന് ആലോചിക്കുമ്പോൾ പെരുമാളുടെ മതമാറ്റം പരസ്യമായെങ്കിൽ അറബികൾക്ക് കേരളത്തിൽ വേണ്ടത്ര ആനുകൂല്യങ്ങൾ സിദ്ധിക്കില്ല എന്നു തോന്നുന്നത് സ്വാഭാവികമാണല്ലോ. എങ്കിൽ അധികപക്ഷവും അറേബ്യയിൽനിന്ന് ഇസ്‌ലാമായി എന്നും അതൊരു രഹസ്യമാക്കിവെച്ചു[30] എന്നും അനുമാനിക്കാവുന്നതാണ്. 'പെരുമാൾ മരിക്കുമ്പോൾ മരുമകനായ സെയ്ഫുദ്ദീൻ മുഹമ്മദലിയോട് കൊടുങ്ങല്ലൂരോ തിരുവിതാംകൂറിലോ പോകരുതെന്ന്[31] ഉപദേശിച്ചതും അദ്ദേഹം ശത്രുക്കളെ ഭയപ്പെട്ടിരുന്നു എന്നുഹിക്കാൻ വക തരുന്നതാണ്. ഇനിയും പെരുമാളുടെ മക്കാ യാത്രയെയും മതപരിവർത്തനത്തെയും പറ്റി ചരിത്രപരമായ തെളിവുകളില്ലെന്നു വാദിക്കുന്നവരെ പണ്ഡിറ്റ് നെഹ്റുവിന്റെ താഴെ കൊടുക്കുന്ന വാചകം അനുസ്മരിപ്പിക്കുക മാത്രമേ നിർവാഹമുള്ളൂ: "പലപ്പോഴും ചരിത്രം തനി പഴമ്പുരാണമാണ് (Myth). അല്ലെങ്കിൽ യാഥാർഥ്യവും സങ്കൽപകഥകളും ചേർന്നതാണ്. അതു

മല്ലെങ്കിൽ പാരമ്പര്യം സൂക്ഷിക്കുന്ന ഏതെങ്കിലും സംഭവത്തിന്റെ അതിശയോക്തിപരമായ വിവരണമാണ് വേർതിരിക്കാനാവാത്ത വിധത്തിൽ ഊടും പാവുമായി ചേർന്നു'[32] ഭാവനാസൃഷ്ടമായ ചരിത്രപരമായിത്തീരുന്നത്.

'പെരുമാളുടെ മതമാറ്റക്കഥയുമായി' ബന്ധപ്പെട്ട ഒരു പൂർവാചാരം ഇന്നും ചിറയ്ക്കൽ കടലായി ക്ഷേത്രത്തിൽ നടത്തിവരുന്നുണ്ട്. കോലത്തിരി വംശം അവരുടെ പൂർവികൻ ചെയ്ത പാപത്തിന്റെ പരിഹാരാർഥം കടലായി കൃഷ്ണനു വട്ടളപ്പായസം നിവേദിക്കുന്ന പതിവാണിത്'.[33] മതപരിവർത്തനം ചെയ്ത പെരുമാളിനു നാലു സ്വരൂപങ്ങളിൽ ഓരോ ഭാര്യമാരുണ്ടായിരുന്നു. ആ നാലു ഭാര്യമാരിൽ ഒരുവളായ കോലത്തുനാട്ടിലെ കെട്ടിലമ്മയുടെ വാക്കുകേട്ട് പാപം ചെയ്തതുകൊണ്ടാണ് പെരുമാളിനു മക്കത്തുപോയി തൊപ്പിയിടേണ്ടിവന്നത്. പടമലനായർ എന്നൊരു കാര്യസ്ഥൻ പെരുമാളിനുണ്ടായിരുന്നു..... കാര്യസ്ഥന്റെ രൂപ സൗകുമാര്യത്തിൽ ഭ്രമിച്ച കെട്ടിലമ്മ അയാളെ അവിഹിതബന്ധത്തിനു ക്ഷണിച്ചു. ധർമിഷ്ഠനായ കാര്യസ്ഥൻ ആ ക്ഷണം നിരസിച്ചു. പ്രതികാരബുദ്ധിയായിത്തീർന്ന കെട്ടിലമ്മ പെരുമാളിനെ തെറ്റിദ്ധരിപ്പിച്ചു. അതുകേട്ട് കോപാകുലനായ പെരുമാൾ കാര്യസ്ഥനെ കഴുത്തറുത്തു കൊല്ലുവാൻ വിധിച്ചു... കൊല്ലപ്പെട്ട നായരുടെ അവസാന വാക്ക് പെൺചൊല്ലുകേട്ട് എന്നെ വധിക്കാൻ വിധിച്ച പെരുമാൾ മക്കത്ത് പോയി തൊപ്പിയിട്ടാൽ പാതി മോക്ഷം കിട്ടുമെന്നായിരുന്നുവത്രെ. കോലത്തിരി അടക്കം കേരളത്തിലെ രാജവംശങ്ങൾക്കെല്ലാം പൂർവികനായി അവകാശപ്പെടാവുന്ന പെരുമാളാണ് മക്കത്ത് പോയതെന്നാണല്ലോ ഇതൊക്കെ കാണിക്കുന്നത്. 'പുതുതായി ഏർപ്പെടുത്താൻ പോവുന്ന രാജവംശക്കാർ കേരളാചാരങ്ങളും മരുമക്കത്തായവും ആചരിച്ചുവന്നാൽ രാജസ്ഥാനത്തിന് ഉറപ്പിനും ജനങ്ങളുടെ ക്ഷേമത്തിനും അധികം നന്നെ'ന്നു[34] നിശ്ചയിച്ചതനുസരിച്ചു പെരുമാക്കന്മാർ സംബന്ധവഴിയായും ദത്തെടുത്തും എല്ലാ രാജ്യകുടുംബങ്ങളുമായി ബന്ധപ്പെട്ടിരുന്നു എന്നത് അനുസ്മരണീയമാണ്. ●

(കേരള സാഹിത്യ അക്കാദമി, തൃശൂർ പ്രസിദ്ധീകരിച്ച 'മുസ്‌ലിമിങ്ങളും കേരള സംസ്കാരവും' എന്ന പുസ്തകത്തിൽനിന്ന്)

**കുറിപ്പുകൾ**


1. മുഹമ്മദ് ഹമീദുല്ല, മുഹമ്മദ് റസൂലുല്ല (ഹൈദറാബാദ് 1974) പേജ് 106.
2. അതിൽതന്നെ പേജ് 107
3. അതിൽ തന്നെ പേജ് 27
4. സി.കെ കരീം, ഇന്ത്യാ ചരിത്രത്തിന്നൊരു മുഖവുര (കൊല്ലം 1965). പേജ് 46
5. സി.എൻ അഹ്മദ് മൗലവി 'മതവും തത്ത്വശാസ്ത്രവും' (തിരുവനന്തപുരം ലോക മലയാളസമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം)
6. എ. യൂസഫലി– ദി ഹോളി ഖുർആൻ (പരിഭാഷ ലാഹോർ), പേജ് 805,807
7. സി.എൻ അഹ്മദ് മൗലവി, മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം (കോഴിക്കോട് 1918), പേജ് 113
8. മുഹമ്മദ് ഹമീദുല്ല, മുഹമ്മദ് റസൂലുല്ല (ഹൈദറാബാദ് 1947) പേജ് 107
9. അതിൽതന്നെ പേജ് 25,26
10. അതിൽതന്നെ പേജ് 26
11. സി.എൻ അഹ്മദ് മൗലവി, മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം (കോഴിക്കോട് 1978), പേജ് 111
12. ജോൺ എ. സുഭാൻ, സൂഫിസം (ലഖ്നൗ പബ്ലിഷിംഗ് ഹൗസ് 1938), പേജ് 120
13. കെ.പി കൃഷ്ണയ്യർ, ദി സാമൊരിയൻസ് ഓഫ് കാലിക്കറ്റ് (കാലിക്കറ്റ് 1938), പേജ് 85
14. താരാചന്ദ്, ഇൻഫ്ളുവൻസ് ഓഫ് ഇസ്‌ലാം ഓൺ ഇന്ത്യൻ കൾച്ചർ (അലഹാബാദ് 1963), പേജ് 30
15. പ്രഫ. സയ്യിദ് മൊഹിദ്ദീൻ ഷാ, ഇസ്‌ലാം ഇൻ കേരള (തൃശൂർ 1975), പേജ് 27
16. താരാചന്ദ്, ഇൻഫ്ളുവൻസ് ഓഫ് ഇസ്‌ലാം ഓൺ ഇന്ത്യൻ കൾച്ചർ (അലഹാബാദ് 1963) പേജ് 34
17. സി.എൻ അഹ്മദ് മൗലവി, മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം (കോഴിക്കോട് 1978), പേജ് 118
18. പ്രഫ. സയ്യിദ് മൊഹിദീൻഷാ, ഇസ്‌ലാം ഇൻ കേരള (തൃശൂർ 1975), പേജ് 21,22
19. എം.ജി.എസ് നാരായണൻ, കൾചറൽ സിംബിയൊസിസ് (തിരുവനന്തപുരം 1972), പേജ് 6
20. ഇളംകുളം കുഞ്ഞൻപിള്ള, ചേരസാമ്രാജ്യം ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ (കോട്ടയം 1960), പേജ് 25
21. താരാചന്ദ്, ഇൻഫ്ളുവൻസ് ഓഫ് ഇസ്‌ലാം ഓൺ ഇന്ത്യൻ കൾച്ചർ (അലഹാബാദ് 1963), പേജ് 35
22. ശൂരനാട്ട് കുഞ്ഞൻപിള്ള, പ്രാചീന കേരളം (തിരുവനന്തപുരം 1955) പേജ് 22
23. എപ്പിഗ്രാഫിയ ഇൻഡികാ, വാല്യം 4 സപ്ലിമെന്റ് 66–939
24. കണ്ണമ്പ്ര നായർ (രാമുണ്ണി നായർ) കേരള ചരിത്രം (കോട്ടക്കൽ 1910) പേജ് 39
25. ഇളംകുളം കുഞ്ഞൻപിള്ള, സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി (കോട്ടയം 1970), പേജ് 212
26. എ. ബാലകൃഷ്ണപ്പിള്ള, ചരിത്ര കേരളം അവതാരിക (കോട്ടയം 1957), പേജ് 10
27. കെ.എം പണിക്കർ, കേരളത്തിലെ സ്വാതന്ത്ര്യസമരം (1957) പേജ് 9.
28. ഇളംകുളം കുഞ്ഞൻപിള്ള, സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി (കോട്ടയം 1970), പേജ് 403
29. സി.എൻ അഹ്മദ് മൗലവി, മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം (കോഴിക്കോട് 1978), പേജ് 196
30. ഇളംകുളം കുഞ്ഞൻപിള്ള, സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി (കോട്ടയം 1970), പേജ് 213
31. പ്രഫ. സയ്യിദ് മൊഹിദീൻഷാ, ഇസ്‌ലാം ഇൻ കേരള (തൃശൂർ 1975), പേജ് 23
32. ജവഹർലാൽ നെഹ്റു, ഡിസ്കവറി ഓഫ് ഇന്ത്യ (ലണ്ടൻ 1965), പേജ് 90
33. കെ.കെ രാമചന്ദ്രൻ നായർ, കേരളചരിത്രശകലങ്ങൾ (കോട്ടയം 1969) പേജ് 52
34. കണ്ണമ്പ്ര രാമുണ്ണി നായർ, എ ഷോർട്ട് ഹിസ്റ്ററി ഓഫ് കേരള (കോട്ടക്കൽ 1910), പേജ് 40